

# Lourde Voice

# ലൂർദ്ദ് വോയ്സ്

June 2019



## LOURDES FORANE CHURCH

**GANDHIPURAM, COIMBATORE**

**WWW.LOURDESFORANE.COM**






















BEETEX® INDUSTRIES

808, V.K.K. Menon Road, New Sidhapudur,
Coimbatore - 641 044. Ph : 0422 - 2520279, 4387279.
E-mail : beetexgrinderscbe@yahoo.com
Website : www.beetexgrinders.com



# ഉള്ളടക്കം

കുർബ്ബാനസമയം:
തിങ്കൾ മുതൽ ശനി വരെ
രാവിലെ 6.15നും വൈകിട്ട് 6.00നും

കുർബ്ബാനസമയം
ഞായർ രാവിലെ 6.15, 8.15, 10.30,
വൈകിട്ട് 5.30

Vol. 1 ലൂർദ്ദ്വോയ്സ് പാരിഷ് ബുള്ളറ്റിൻ, ജൂൺ – 2019 ISSUE : 06
lourdevoicegandhipuram@gmail.com

**Chief Editor:**
Fr. Thomas Kavungal
Ph: 9443937675
**Sub- Editor:**
Fr. George Madathikandathil
Ph: 9207910118
**Editorial board:**
Mrs. Deepa Biju
Mrs. Tina Felix,
Mrs. Ajimol Antony
Mrs. Baby Davis
Sr. Maria Celine
Mr. Poulose
Mr. P. J. James
Mrs. Beena Mathew
Mrs. Deepa Anand
**Printing and Publishing:**
Mr. Felix P. S.
Ph:9894024729
Mr. Joffy C. J.
Ph: 8903687184
**Kaikkars**
Mr. Romeo Alosious
Ph: 7871925047
Mr. Sifi Vazhappilly
Ph: 9943855500
**Advertisement:**
Mr. N. A. Augustin
9843020219
Mr. K. L. Johny
9345403444
**Secretary:**
Sr. Therese John
**PRO:**
Mr. James M. A.
Ph: 9843316164

- എഡിറ്റോറിയൽ
- ഇടയമൊഴി
- Mystery
- ഇടവക വാർത്തകൾ
- Catechism News
- ഓർമ്മിക്കേണ്ട ദിവസങ്ങൾ
- സംഘടനാവാർത്തകൾ
- തമിഴ്
- Holy Eucharist is the greatest of all Sacraments
- കുടുംബസമ്മേളനങ്ങൾ
- കാരുണ്യത്തിന്റെ ആഴക്കടൽ
- വത്തിക്കാൻ വാർത്തകൾ
- ലോഗോസ് ക്വിസ്
- Kids Corner
- Marian Knowledge



# ദൈവരാജ്യ അനുഭവം വിശ്വാസപരിശീലനത്തിലൂടെ

പ്രശസ്ത ചിന്തകനും എന്നാൽ നിരീശ്വരനുമായ ഡെനിസ് ഡിഡെറോട്ട് (Denis Diderot) സ്വപുത്രിയെ വേദവിഷയങ്ങൾ പഠിപ്പിക്കുന്നതുകണ്ട് ഒരു സ്നേഹിതൻ വിസ്മയത്തോടെ ചോദിച്ചു. എന്ത്? താങ്കൾ വേദോപദേശം പഠിപ്പിക്കുകയാണോ? ഡിഡെറോട്ട് മറുപടി പറഞ്ഞു.' എന്റെ പുത്രിയെ സുകൃതിനിയായ ഒരു ബാലികയും ഭക്തിതീക്ഷ്ണതയുള്ള ഒരുസ്ത്രീരത്നവുമാക്കുന്നതിന് മതബോധനത്തിനുമാത്രമേ ശക്തിയുള്ളൂ'

വേനലവധിക്കാലത്തിന്റെ ആഹ്ലാദച്ചൂടിൽ നിന്ന് പുതിയൊരു മതബോധനവർഷത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. ഭക്തി തീക്ഷ്ണതയും സുകൃത ജീവിതവും നഷ്ടപ്പെട്ടുപോകാതെ വിശ്വാസത്തിൽ പുത്തൻ അനുഭവവും കൂടുതൽ തീക്ഷ്ണതയും സന്തോഷവും അനുഭവവേദ്യമാകുവാൻ വിശ്വാസപരിശീലനം നമ്മെ സഹായിക്കട്ടെ. കുടുംബമാണ് ഓരോ കുഞ്ഞിന്റെയും വിശ്വാസപരിശീലനത്തിന്റെ പ്രഥമ കളരി. മാതാപിതാക്കൾ വിശ്വാസത്തിന്റെ പ്രഥമാധ്യാപകരും പ്രധാനാധ്യാപകരുമാണ്. എന്നാൽ ഭൗതികനേട്ടങ്ങളുടെ ഒരു കളിക്കളമാണ് ഇന്ന് പല കുടുംബങ്ങളും. ആത്മീയ വളർച്ചയേക്കാൾ ശാരീരിക, ഭൗതിക വളർച്ചയ്ക്കാണ് പലരും പ്രാധാന്യം കല്പിക്കുന്നത്. വിശ്വാസപരമായ കാര്യങ്ങളോടുള്ള താല്പര്യ



ക്കുറവ് ഇന്ന് പല കുഞ്ഞുങ്ങളുടെയും ആത്മീയ വളർച്ചയെ മുരടിപ്പിക്കുന്നു.
' ക്രിസ്തീയ വിശ്വാസത്തിന്റെ പക്വതയിലേയ്ക്കും ക്രിസ്തീയ ജീവിതത്തിന്റെ പൂർണ്ണതയിലേയ്ക്കും ക്രിസ്തു വിശ്വാസികളെ നയിക്കുക എന്ന ലക്ഷ്യത്തോടെ ക്രിസ്തീയ വിശ്വാസ സംഹിതയെ അധികരിച്ച് മാമ്മോദീസ സ്വീകരിച്ചവർക്ക് സഭ നല്കുന്ന ക്രമാനുഗതവും സമഗ്രവുമായ പ്രബോധനപ്രക്രിയയാണ് വിശ്വാസ പരിശീലനം"ഞായറാഴ്ചകളിലെ രണ്ടുമണിക്കൂർ ക്ലാസ്സുകളിൽ അവസാനിക്കുന്നതല്ല വിശ്വാസപരിശീനം. ക്ലാസ്സ്മുറിയിൽ പഠിച്ചത് കുടുംബത്തിൽ, സമൂഹത്തിൽ പ്രാവർത്തിക്കമാകുമ്പോൾ മാത്രമാണ് മതബോധനം അതിന്റെ പൂർണ്ണതയിൽ എത്തുന്നത്. പ്രിയ മാതാപിതാക്കളേ, ദൈവരാജ്യാനുഭവത്തിൽ ദൈവമക്കൾക്കടുത്ത ജീവിതം നയിക്കാൻ നമ്മുടെ മക്കളെ പ്രാപ്തരാക്കാം. ഈശോയെ അറിയുന്ന, ഈശോയിൽ ജീവിക്കുന്ന, ഈശോയെ പകർന്നു നല്കുന്ന പുത്തൻ തലമുറയെ വാർത്തെടുക്കാൻ ഇടവക ദൈവാലയത്തിന്റെ അൾത്താരയോടു ചേർത്തു നിർത്തി നമ്മുടെ മക്കളെ വളർത്താം.

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നു വന്നു" (ലൂക്കാ 2:52) പ്രിയ കുഞ്ഞുമക്കളെ, ക്രിസ്തുവിനെക്കൊണ്ട് മനസ്സുനിറയ്ക്കുന്ന ജീവിതമാണ് ഏറ്റവും സൗന്ദര്യമുള്ള ജീവിതം. വി. കുർബ്ബാനയിലൂടെ, കൂദാശാ സ്വീകരണത്തിലൂടെ, വചനാധിഷ്ഠിത ജീവിതത്തിലൂടെ ഭക്തസംഘടനാ പ്രവർത്തനത്തിലൂടെ ഈശോയോടൊപ്പം ഇടവകദൈവാലയത്തോട് ചേർന്ന് നമുക്കും വളരാം. ലോകത്തിന്റെ പ്രകാശമായി മലമുകളിൽ ഉയർത്തപ്പെട്ട പട്ടണംപോലെ മറ്റുള്ളവർക്ക് പ്രകാശമായി നിലകൊള്ളാൻ ഓരോ കുഞ്ഞുമക്കളേയും ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഏവർക്കും നല്ല ഒരു മതബോധനവർഷം ആശംസിക്കുന്നു...



# ഇടയമൊഴി



## മതാദ്ധ്യാപകർ ക്രൈസ്തവ നേതൃത്വം നൽകുന്നവർ

ക്രൈസ്തവ നേതൃത്വം ഒരു വരമാണ്. ആത്മാവിന്റെ ബലം ലഭിച്ചവർക്കുമാത്രമാണ് നേതൃത്വം ഒരു ദൈവീക വരമാകുന്നത്. മെത്രാൻ സ്ഥാനവും മത അദ്ധ്യാപകസ്ഥാനവും ക്രൈസ്തവ നേതൃത്വം നൽകാനുള്ള വ്യത്യസ്ത ശുശ്രൂഷ ദൗത്യമാണ്.

മർക്കോസ് 10:43-44 ലാണ് ഈശോ എന്താണ് ഈ നേതൃത്വം കൊണ്ട് ഉദ്ദേശിച്ചത് എന്നത് വായിച്ചെടുക്കാൻ സാധിക്കുക. രണ്ട് തരത്തിലുള്ള നേതൃത്വം നാം നൽകണം.

1. താൻ ആയിരിക്കുന്ന സമൂഹത്തിന്റെ നൊമ്പരങ്ങളും ക്ലേശങ്ങളും പങ്കിടുന്ന ആൾ എല്ലാ പ്രശ്നങ്ങളും സ്വന്തപ്രശ്നമായി കാണാൻ സാധിക്കുന്ന വ്യക്തി, പരിഹാരത്തിന് മുന്നിട്ട് ഇറങ്ങി പരിഹരിക്കുന്ന വ്യക്തി

2. തന്റെ ശുശ്രൂഷ സമൂഹത്തിൽ സുവിശേഷമൂല്യങ്ങൾ ജീവിക്കുന്ന പ്രതിനിധിയാകണം മത അദ്ധ്യാപകർ. ജീവിതസാക്ഷ്യം പോലെ മറ്റൊരു നേതൃത്വ ശക്തിയില്ല.

മതഅദ്ധ്യാപകർ പുളിമാവ്പോലെ ഉള്ളിൽ നിന്ന് പ്രവൃത്തിച്ച് ഉണർവും, ചൈതന്യവുംെ കാടുക്കുന്നവരാകണം.ഇ ങ്ങനെപ്രവർത്തിക്കണമെങ്കിൽഅ ദ്ധ്യാപകർ, മാതാപിതാക്കൾ, വികാരിയച്ചൻ എന്നിവർ സുവിശേഷസന്ദേശത്തെ ഒന്നാം ജീവിത പ്രമാണമായി എടുക്കണം. ഇതിൽ വെള്ളം ചേർക്കാൻ പാടില്ല. രണ്ടാമതായി ഓരോ അദ്ധ്യാപകനും തന്റെ കുഞ്ഞുങ്ങളുമായി, മാനസികവും ഭൗതികവുമായ അടുപ്പം ഉണ്ടാകണം. St. Augustine എഴുതി " നിങ്ങൾക്കുവേണ്ടി ഞാനൊരു മെത്രാനാണ് നിങ്ങളോടൊപ്പം ഞാനൊരു ക്രിസ്ത്യാനിയാണ്."

മതബോധനം, ഒരുകൂട്ടായ ദൗത്യമാണ്. ഇത്. ഒറ്റയാൾ പ്രകടനമല്ല. അപ്പസ്തോല സംഘത്തോടൊപ്പം നിൽക്കുമ്പോഴാണ് പത്രോസിന്റെ ഒന്നാം സ്ഥാനം പ്രകടമാകുന്നത്. വിശ്വാസ നിലപാടുകളിൽ മാത്രമല്ല പൊതുവായ പ്രതികരണങ്ങളിലും നേതൃത്വപരമായ കൂട്ടായ്മയും ധാരണയും ആവശ്യമാണ്.

ഇസ്രായേലിന്റെ ലക്ഷണമൊത്ത നേതാവായിരുന്ന മോശ മേച്ചിൽ സ്ഥലത്തേയ്ക്ക് ഏറ്റവും ആദ്യം കുഞ്ഞാടുകളെയും മൂപ്പനുസരിച്ച് മറ്റാടുകളെയും തുറന്നുവിടും



കാരണം തളിരിലകൾ കുഞ്ഞാടുകൾക്ക് കിട്ടണം എന്ന കരുതലോടെ. മത അദ്ധ്യാപകർ, മാതാപിതാക്കൾ ഈ മോശയെപ്പോലെ നല്ല നേതൃത്വം കൊടുക്കുന്നവരാകണം.

മത അദ്ധ്യാപകർക്കും, മാതാപിതാക്കൾക്കും ഉണ്ടാകേണ്ട രണ്ട് ബോധ്യമുണ്ട്. ഒന്നാമതായി ഏൽപിക്കുന്ന കുഞ്ഞുങ്ങൾ സ്വന്തമല്ല, പക്ഷെ അവർക്ക് നല്ല മൂല്യബോധവും, ക്രിസ്തീയ ജീവിതത്തിന്റെ വിശ്വാസവും സഭാ പാരമ്പര്യങ്ങളും നാം കൊടുക്കണം.രണ്ടാമതായി  അവർക്ക് വഴി തെറ്റാം. പക്ഷെ അദ്ധ്യാപകർ അവയെ തേടി ഇറങ്ങണം. തള്ളിക്കളയാൻ പാടില്ല.  അവരെ നാം ചേർത്ത് പിടിക്കണം.

അദ്ധ്യാപകന്റെ മഹത്വം ലഭിക്കേണ്ടത് സ്വന്തം ധർമ്മം നന്നായി പ്രവർത്തിച്ചു കൊണ്ടാവണം.  അദ്ധ്യാപകൻ നല്ല ഇടയനാകണം. നല്ല ഒരു ഇടയന്റെ നിസ്തുലമായ നേതൃത്വ ഗുണം പ്രകടിപ്പിച്ച വ്യക്തിയാണ് പഴയ നിയമത്തിലെ നെഹിമിയ. അദ്ദേഹത്തിന്റെ പുസ്തകം ക്രൈസ്തവ നേതൃത്വത്തിനു ഒരു പാഠപുസ്തകമാകണം. ഈ പുസ്തകത്തിലെ  അവസാനവാചകം (13:31)" എന്റെ ദൈവമേ എന്നും എന്നെ ഓർക്കണമേ" എന്ന പ്രാർത്ഥനയാണ്.ഏല്പിച്ച ഉത്തരവാദിത്വം ഒരു വരമായി കണ്ട് ശുശ്രൂഷ ചെയ്ത വ്യക്തികൾക്ക് അവർക്ക് മാത്രം നടത്താൻ പറ്റുന്ന പ്രാർത്ഥനയാണ് ഇത്.

പുതിയ മതബോധനവർഷത്തിൽ എല്ലാവർക്കും പ്രത്യേകിച്ച് വിശ്വാസ പരിശീലനവേദിക്ക് പ്രത്യേക പ്രാർത്ഥനആശംസകൾ.

തിരുഹൃദയത്തിനു പ്രത്യേകം പ്രതിഷ്ഠിക്കപ്പെട്ട മാസമാണല്ലോ ജൂൺ മാസം. ഈശോയുടെ തിരുഹൃദയഭക്തിയിൽ വളരാൻ നമുക്ക് പരിശ്രമിക്കാം. കുടുംബത്തിൽ തിരുഹൃദയ പ്രതിഷ്ഠ നടത്താൻ ജൂൺ മാസത്തിൽ എല്ലാവരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. തിരുഹൃദയ തിരുന്നാൾ മംഗളങ്ങൾ ഏവർക്കും നേരുന്നു.

പുതിയ അദ്ധ്യായനവർഷത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. കുട്ടികൾ എല്ലാവരും നന്നായി പഠിച്ച് പുതിയ അദ്ധ്യയനവർഷം വിജയമാക്കാൻ ശ്രദ്ധിക്കുക. കൂടാതെ ഈ വർഷം അനുദിനം വി. കുർബാന, മാസത്തിൽ ഒരിക്കൽ കുമ്പസാരം, CML, അൾത്താരസംഘം മതബോധനം എന്നിവയിൽ പങ്കെടുത്ത്  മാതാപിതാക്കൾക്കും,  പഠിക്കുന്ന സ്കൂളുകളിലും അനുസരണയുള്ളവരായി തീരുക. " ദൈവഭയമാണ് അറിവിന്റെ ആരംഭം എന്ന് മനസ്സിലാക്കുക" എല്ലാ കുട്ടികൾക്കും അദ്ധ്യാപകർക്കും പുതിയ അദ്ധ്യനവർഷ ആശംസകൾ.

വികാരിയച്ചൻ
**ഫാ. തോമസ് കാവുങ്കൽ**



# Mystery



God himself remained a mystery in the old Testament. God, the Father, took the initiative to reveal himself through his only begotten son, Jesus Christ. The term 'Mystery' denotes hidden reality that exists beyond the capacity of human intellect. 'Mystery' is a term often used in the liturgy of the Church. The sacraments are called mysteries in the East Syriac ecclesial tradition of the syro Malabar Church. The Mystery is presented with the help of symbols in the sacred Scripture and liturgy of the Church. Fathers of the Church explained the mystery of the existence of God and of the Kingdom of God using symbols and types.

## Understanding of the Term Mystery

The whole mystery of God is revealed in the Christ-event. The Holy Eucharist is the commemoration of the mysteries of God and man revealed in the Christ-event.

The Holy Eucharist in the East Syriac ecclesial tradition is called Raza, a Syriac word which means mystery. Liturgy can be seen as the ecclesial response of the people of God to the call of God received in Christ. The celebration of the Christ-event through innumerable symbols in the Holy Eucharist helps us to understand the Mystery of God. The Eucharist gives the people of God the Mystery of God in the body and blood of Christ. The mystery of the invisible God assumes visibility and becomes present in the Church through the Holy Eucarist. The word



'Mystery' means something that is difficult and impossible to understand or explain. What is difficult and impossible to understand is made present before the people of God to experience with inner eyes and ears, especially with lucid mind, as Mar Jacob of serugh calls it.

The event in which jesus opened the eyes of the two disciples who were on the way to Emmaus, when he took bread, blessed and broke it and gave it to them, bears testimony to the Risen Lord as well as the mystery of the Eucharist which embodies the whole Christ-event. The focus of the ecclesial life in the Church is the Eucharist. The whole life of the Church revolves around the mystery of the Eucharist. The mystery of holy Eucharist is to be meditated upon. The comprehension of the mystery of the Eucharist requires an attitude of wonder and humility. Mystery cannot be explored, or scientifically studied or logically analyzed, but it can only be looked at with wonder and love, jesus opens the inner eyes of every believer who devotes himself to God.

May the risen lord fill your hearts with his peace.

**Fr. George Madathikandathil**

Asst. Vicar



# ഇടവക വാർത്തകൾ

## തിരുഹൃദയ പ്രതിഷ്ഠയും വീട് വെഞ്ചരിപ്പും

ജൂൺമാസം തിരുഹൃദയത്തിനു പ്രതിഷ്ഠിച്ചിരിക്കുന്ന മാസമാണല്ലോ. എല്ലാ ഭവനങ്ങളും തിരുഹൃദയ പ്രതിഷ്ഠ മുടങ്ങാതെ ചൊല്ലാൻ ശ്രമിക്കുമല്ലോ. വീടുവെഞ്ചിരിപ്പുകൾ ആരംഭിക്കുന്നതാണ്. വരിസംഖ്യ, Lourde voice വേണ്ടി കൊടുക്കാനുള്ള തുക, കുടുംബ ഡയറി, വി.ഗ്രന്ഥം, അലങ്കരിച്ച രൂപ ക്കൂട് എന്നിവ ഒരുക്കുകയും കുടുംബാംഗങ്ങൾ എല്ലാവരും വീട് വെഞ്ചരിപ്പ് ദിവസങ്ങളിൽ വീട്ടിൽ ഉണ്ടാകണം എന്നു കൂടി ഓർമ്മിപ്പിക്കുന്നു.

## വി. കുർബാനസമയങ്ങളിൽ മാറ്റം

ജൂൺ മാസം മുതൽ ഞായറാഴ്ച ദിവസങ്ങളിൽ വി. കുർബാനരാവിലെ 6:15 നും, 8:15 നും 10: 30 നും ആയിരിക്കും. വൈകീട്ട് 5:30 നു പതിവുപോലെ വിശുദ്ധ കുർബാനഉണ്ടായിരിക്കുന്നതാണ്.

## Bishop's House, Santhom Pastoral centre.

നമ്മുടെ രൂപതയുടെ Bishops House Santhom Pastoral Centre ജൂൺ 9 - 10 തിയ്യതി വെഞ്ചരിക്കപ്പെടുകയാണല്ലോ. എല്ലാ നന്നായി തീരാൻ നമുക്ക് പ്രാർത്ഥിക്കാം. രൂപതയ്ക്ക് വേണ്ട സാമ്പത്തിക സഹായം നമുക്ക് നല്ല മന സ്സോടെ കൊടുക്കാൻ ഉത്സാഹിക്കാം. ജൂൺ 9 - ാം തിയ്യതി ഉച്ചകഴിഞ്ഞ് കുടും ബസമ്മേളനങ്ങൾ ഉണ്ടായിരിക്കുന്നതല്ല.

## പ്രവേശക കൂദാശകൾ

തത്രത്തിൽ പൊൻമാണി സനൂപ്+ റിയാൻസി മകൻ യോഹാൻ ജോൺസൺ (Johann Johnson) ജനനം 21.02.2019 പ്രവേശക കൂദാശകൾ 05.05.2019

## വിവാഹിതരായി

1. ഈ ഇടവക വേഴുള്ളി യേശുദാസ്+ബീനമകൾ മേരി ഡയാനലോസ് ആഞ്ച ലസ് രൂപത സെന്റ് ജോസഫ്സ് ചർച്ച് അർപുതരാജ്+ മീനആന്റണി മകൻ പ്യ്രഥിവിരാജ് (PrithviRaj) 08.05.2019 ൽ വിവാഹിതരായി .

2. ഈ ഇടവക ചക്കാലക്കൽ ആന്റണി+ ആലീസ് മകൾ അഞ്ചു.C. ആന്റണി (Anju C. Antony) തലശ്ശേരി അതിരൂപത സെന്റ് തോമസ് ഇടവക പുത്തോ



ട്ടാൽ ഇമ്മാനുവേൽ + മേരി മകൻ ബിൻസ് ഇമ്മാനുവേൽ 12.05.2019 ൽ വിവാഹിതരായി.

### സ്വാഗതം

നമ്മുടെ കോൺവെന്റിലേക്ക് പുതിയതായി ചാർജ് എടുത്ത മദർ സുപ്പീരിയർ Sr. Mary Anto യ്ക്കും കമ്മ്യൂണിറ്റി അംഗങ്ങളായ St Leenus, Sr. Josina, Sr. Lilly maria, Sr. Usheta എന്നിവർക്ക് 12-5-2019 ൽ നമ്മുടെ ഇടവക ദേവാലയത്തിൽ വച്ച് പൂക്കൾ നൽകി സ്വാഗതം ചെയ്തു.

### പുതിയ മതബോധനസമയക്രമം

ജൂൺ മാസം മുതൽ എല്ലാ ഞായറാഴ്ചയും രാവിലെ 8 മണി മുതൽ 10:15 വരെയായിരിക്കും. പുതിയ കുട്ടികളെ ചേർത്തുകയും മാതാപിതാക്കളും അദ്ധ്യാപകരും കുട്ടികളും ചേർന്ന് നല്ല ഒരു മതബോധനവർഷമായി തീരട്ടെയെന്ന് ആശംസിക്കുന്നു. പുതിയ കുട്ടികളെ ചേർക്കുന്ന ദിവസം ജൂൺ 9-ാം തിയ്യതി ആയിരിക്കും.

### നിര്യാതയായി

സെന്റ്.വിൻസെന്റ്ഡിപ്പോൾ യൂണിറ്റ് ജോസ് കിടങ്ങൻ ഭാര്യ അമ്മിണി ജോസ് നിര്യാതയായി. പരേതയുടെ ആത്മശാന്തിയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം.

# Catechism News

- Catechism Forane level inauguration will be held on 2/6/2019 at Lourdes forane church gandhipuram. All teachers are requested to attend without fail.
- Sunday catechism class for the year 2019-2020 will begin from 9/6/2019. New admissions will also be enrolled on the same day.
- Parish level catechism inauguration will be held on 16/6/2019.
- Our prayers and wishes to all our children who had received their first holy communion on 19/5/2019. May the strength of Jesus' love and the joy of this holy day remain forever in your hearts.



# ഓർമ്മിക്കേണ്ട ദിവസങ്ങൾ

**ജൂൺ 2019**

1. വി. ജസ്റ്റിൻ
7. ആദ്യവെള്ളി
8. വാ. മറിയം ത്രേസ്യ, മാർ അപ്രേം
9. പെന്തക്കുസ്താ തിരുനാൾ
11. വി. ബർണ്ണബാസ് ശ്ലീഹ
13. പാദുവായിലെ വി. അന്തോണീസ്
16. പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ
28. ഈശോയുടെ തിരുഹൃദയം, വി. ഇരണേവൂസ്
29. വി. പത്രോസും, വി. പൗലോസും; മാതാവിന്റെ വിമലഹൃദയത്തിരുനാൾ

(വി.കുർബാനയിൽ പങ്കെടുക്കാൻ കടമുള്ള ദിവസം)

ലൂർദ്ദ് വോയ്സിൽ പ്രസിദ്ധീകരിക്കേണ്ട ന്യൂസുകളും ആർട്ടിക്കിളുകളും ഓരോ മാസവും പതിനഞ്ചാം  തീയ്യതിക്ക് മുൻപായി കൊച്ചച്ചനെ ഏൽപ്പിക്കേണ്ടതാണ്. പരസ്യങ്ങൾ ഫോട്ടോയും പൈസയും സഹിതം നല്കേണ്ടതാണ്. കളർ ഫുൾ പേജ് - 2400,  ഹാഫ് പേജ് - 1200, B/w ഫുൾ പേജ് - 1500



# സംഘടനാവാർത്തകൾ

**മാതൃവേദി**

* ജൂൺ മാസത്തിൽ ജനറൽ ബോഡി മീറ്റിംങ്ങ് 16-ാം തിയതി രണ്ടാമത്തെ ദിവ്യബലിയ്ക്ക്ശേഷം ഉണ്ടായിരിക്കുന്നതാണ്. എല്ലാ അംഗങ്ങളും സംബന്ധിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

* പരിശുദ്ധ കന്യകാമാതാവിന്റെ വണക്കമാസ പ്രാർത്ഥനകുടുംബപ്രാർത്ഥനയോടൊപ്പം ചൊല്ലിയും, മെയ് 31-ാം തിയതി വൈകുന്നേരം ദിവ്യബലിയ്ക്കും, നേർച്ച മധുരമുള്ള പാച്ചോർ തയ്യാറാക്കുന്നതിനും സഹകരിച്ച എല്ലാ അമ്മമാർക്കും പ്രത്യേകം നന്ദി പറയുന്നു. പരിശുദ്ധ അമ്മയുടെ അനുഗ്രഹം എല്ലാവരുടെയും ജീവിതത്തിൽ സമൃദ്ധമായി ഉണ്ടാകട്ടെയെന്ന് ആശംസിക്കുകയും ചെയ്യുന്നു.

* ജൂൺ മാസത്തിൽ കുടുംബങ്ങളിൽ എല്ലാ ദിവസവും തിരുഹൃദയ വണക്കമാസ പ്രാർത്ഥനചൊല്ലുന്നതിന് എല്ലാ കുടുംബനാഥകളും ശ്രദ്ധിക്കേണ്ടതാണ്.

* ജൂൺ 9-ാം തിയതി പെന്തക്കുസ്താ ദിനമായി ആചരിക്കുന്നു. ഈ ദിനത്തിൽ പരിശുദ്ധാത്മാവിൽ നിറയാൻവേണ്ടി എല്ലാവരും പ്രാർത്ഥിച്ച് ഒരുങ്ങേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു.

**പിതൃവേദി**

ഇടവകയിലെ പിതാക്കന്മാരുടെ കൂട്ടായ്മയായ പിതൃവേദിയുടെ നേതൃത്വത്തിൽ ജൂൺ 16-ാം തിയ്യതി പിതാക്കന്മാർക്കായി ഒരു വിനോദയാത്ര സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ പിതൃവേദി ഭാരവാഹികളുമായി ബന്ധപ്പെടേണ്ടതാണ്. പിതൃവേദിയുടെ ആനിമേറ്ററായി നിസ്തുല സേവനം ചെയ്ത്; ഈറോഡ് കോൺവെന്റിലേയ്ക്ക് സ്ഥലം മാറ്റം ലഭിച്ച സി. പൗളീറ്റ എഫ്. സി. സിയ്ക്ക് പ്രാർത്ഥനാശംസകൾ നേരുന്നു.

# SMYM News

**SMYM** members conducted a tour to Mahe and Calicut under the guidance of Asst. Vicar and Rev. Sisters, and it was a good occasion for the members of SMYM to foster in fellowship and togetherness among themselves.



## ✠மறைக்கல்வி ஏன்? ✠

நமது குழந்தைகள் கிறிஸ்த்துவின் மனநிலையைப் பெற்றிடச் செய்வதே மறைக்கல்வி சொல்லித்தரப்படுவதன் முழுமையான நோக்கம் என ஒற்றை வரியில் நாம் இதற்கு விடை அளிக்கலாம். எனினும், கிறிஸ்த்துவின் மனநிலை என்றால் என்ன? மனிதனின் மன நிலைக்கும் கிறிஸ்த்துவின் மனநிலைக்கும் உள்ள வேறுபாடுகள் என்ன? என்பன போன்ற வினாக்களுக்கும் நாம் விடை கண்டால்தான் மறைக்கல்வி ஏன்? என்பதற்கு இன்னும் அதிகமான ஆழமான பொருளை நாம் உணரலாம்.

மனிதரின் மனநிலையும் (மனிதமும்) கிறிஸ்த்துவின் மனநிலையும் (கிறிஸ்த்தவமும்) மேலோட்டமாகப் பார்க்கும் போது ஒன்றாய் இருப்பதுபோல் தோன்றினாலும் அவற்றுக்குள் சிறிய வேறுபாடு உண்டு. மனித மனநிலையைவிட எப்போதும் ஒரு படி உயர்ந்து ஒரு சிறு வித்தியாசத்துடன் சிறந்து விளங்குவது தான் கிறிஸ்த்துவின் மனநிலை..

இப்படியாக மனிதனின் மனநிலையை அடைய உதவி செய்வது கல்வியின் நோக்கம். கிறிஸ்த்துவின் மனநிலையை அடையச் செய்வது மறைக்கல்வியின் நோக்கம்.

எனவேதான் திருச்சபை போன்ற அமைப்புகள் மனிதரின் மனநிலையைக் குழந்தைகளுக்குள் வளர்க்க கல்வியைக் கையிலெடுத்தது. அத்துடன் கிறிஸ்த்துவின் மனநிலையைத் நம் குழந்தைகள் பெற மறைக்கல்வியைச் சொல்லிக் கொடுக்கிறது.

அடிப்படைக் கிறிஸ்தவ நம்பிக்கை நமக்குச் சொல்வது என்ன ? ஒரே தெய்வம் நமது திரித்துவ நாதர் இயேசுவே. தந்தை, மகன், தூய ஆவி எனும் வடிவில் அவர் நம்மை அரசாள்கிறார். தந்தை நம்மைப் படைத்தார். மகன் நம்மை மீட்டார். ஆவியார் நம்மை வழிநடத்துகிறார். இந்த உண்மையை உலகம் அறியச் செய்வது மறைக்கல்வியின் நோக்கமாகும்.

மறைக்கல்வி என்பது வெறும் மந்திரங்களை படித்து அருட்சாதனங்களை பெறுவதற்கு மட்டுமல்ல, மாறாக ஞானஸ்நானத்தின் போது ஊன்றப்பெற்ற விசுவாசம் என்னும் விதை தழைத்து, முழு வளர்ச்சி அடைய செய்து அர்த்தமுள்ள கிறிஸ்தவ வாழ்வுக்கு மறைக்கல்வி நம்மை அழைத்து செல்ல வேண்டும். நம் வாழ்வில் கிறிஸ்துவை பேணி காப்பதே மறைக்கல்வியின் பணியாகும். நற்செய்திகளின் மதிப்புக்களையும், கிறிஸ்தவ அறநெறிகளையும், விசுவாச கோட்பாடுகளையும், திருச்சபையின் புனித பாரம்பரியங்களையும், நல்வாழ்வில் கடைப்பிடித்து இயேசுவை பின்பற்றும் சீடர்களாவும், அவரை பின்பற்றும் குடும்பங்களாகவும் நம்மை வாழச்செய்வதுதான் மறைக்கல்வியின் நோக்கமாகும்.



# Holy Eucharist is the greatest of all Sacraments

## Introduction

Eucharist is the source and summit of Christian life (Lumen Gentium, no .11). Catechism of the Catholic Church, says that the Eucharist is the "Source and summit of Christian life, and clearly teaches that the other sacraments, and indeed all ecclesiastical ministries and works of the apostolate, are bound up with Eucharist and are oriented towards it. For in the blessed Eucharist is contained the whole spiritual good of the church, namely Christ himself, our Pasch (*CCC, Catechism of the Catholic Church, 1324*)

**Why Eucharist is the greatest of all sacraments?**

The Holy Eucharist is not merely an instrument for the giving of grace-here is the actual Giver of grace Himself, Jesus Christ our Lord truly and personally present. The Eucharist contains the Real Presence of Jesus; It's the real jesus who is truly present, Body and Blood, Soul and Divinity. Jesus is present in the Holy Eucharist, not just during Mass, but as long as the Sacred Hosts consecrated at Mass continue to retain the appearance of bread. This means that we owe to the Holy Eucharist the adoration which is due to God, since the Holy Eucharist contains the Son of God Himself.

"The mode of Christ's presence under the Eucharistic species is unique. It raises the Eucharist above all the sacraments as "the perfection of the spiritual life and the end to which all the sacraments tend." In the most blessed sacrament of the Eucharist" the body and blood, together with the soul and divinity, of our Lord Jesus Christ and, therefore, the whole Christ is truly, really, and substantially contained". This presence is called 'real' by which is not intended to exclude the other types of presence as if they could



not be 'real' too, but because it is presence in the fullest sense:that is to say, it is a substantial presence by which Christ, God and man, makes himself wholly and entirely present (*CCC, Catechism of the catholic Church, 1374*)''

The Eucharist stands at the head of the list of seven sacraments as the rich source of grace and strength for the journey of the Christian life. Every believer needs nourishment to be firm in faith, advance in virtue and ward off temptation, and the Mass provides two rich source of spiritual sustenance: word and sacrament. Because the journey is long and filled with challenges, these grace need to be replenished often, As we eat ordinary food each day to sustain ourselves physically, we need to be fed by the word and sacrament at least once each week to be sustained spiritually.

**Conclusion**

After having undertaken a serious discussion on Eucharist, it is found out that the Eucharist is the greatest of all sacraments because the actual Giver of grace Himself, Jesus Christ our Lord truly and personally present; moreover, The Eucharist contains the Real Presence of Jesus: it's the real jesus who is truly present, Body and Blood, Soul and Divinity. Jesus is present in the Holy Eucharist, not just during Mass, but as long as the Sacred Hosts consecrated at Mass continue to retain the appearance of bread. In this sense church advocates us to sustain and strengthen by the Eucharistic celebration in our church community.

**Rose Maria Devasia**

SMYM



# കുടുംബസമ്മേളനങ്ങൾ

## (ഗാന്ധിപുരം)

| | |
|---|---|
| **16. 06. 2019** | |
| സെന്റ് പീറ്റർ യൂണിറ്റ് | - കെ.എൽ ജോണി, കാട്ടാശ്ശേരി ഹൗസ് 9345403444 |
| സെന്റ് ജോർജ് യൂണിറ്റ് | - പി.ജെ. ആന്റണി, പുല്ലേയിൽ ഹൗസ് 9042696084 |
| സെന്റ് ജോസഫ് യൂണിറ്റ് | - ബാബു സി.പി, ചീരൻ ഹൗസ് 9487222029 6.45 pm |
| **23. 06. 2019** | |
| സെന്റ്. ജോൺ മരിയവിയാനി യൂണിറ്റ് | - സി.എം. ലൂവിസ്, ചൊവ്വല്ലൂർ ഹൗസ് 04222534056 |
| സെന്റ് വിൻസെന്റ് ഡിപ്പോൾ യൂണിറ്റ് | - Mr. ChakkuveyJoseph Arumel 6.45 pm |
| **30. 06. 2019** | |
| സെന്റ്. തോമസ് യൂണിറ്റ് | - സണ്ണി സി.വി, ചുങ്കത്ത് ഹൗസ് 04222236160 6.45 pm |
| സെന്റ്. ആന്റണി യൂണിറ്റ് | - കെ.എൽ. ഫ്രാൻസിസ് കുറ്റിക്കാട്ട് ഹൗസ് 9345505579 |
| സെന്റ് പോൾയൂണിറ്റ് | - മർഗ്ഗിലി ജോസഫ്, പുതൂക്കര ഹൗസ് 9442900179 4.pm |

# 41 st Day of Remembrance
# 15-06-2019



# MARY CHERUS

**Kundukulam House**

**Birth**
**09.06.1951**

**Death**
**05.05.2019**

*Sorrowing Family*



## 3rd Death Anniversary

# N.P. SIMON

**Neelankavil House**

**Birth** 30.01.1952

**Death** 10.06.2016

### *Sorrowing Family*

Wife: Thankamma Simon
Son : Franco N.S
Daughter: Lissy N.S
Son-in-law: Stanely Joseph
Daughter-in-law: Shymi Franco
Grandson: C.S. Emmanuel, N.F Prince

## *In Loving Memory of*





# Paul Vijayan N

**Kizhakkedathu House**
**Ganapathy**

**Born : 05.04.1946** **Died : 18.05.2018**

# Mary Dayana & Prithvi Raj



*Best Wishes From...*

## Mr. G. Yesudas & Mrs. Beena Yesudas

47E, G.V Ramaswamy Street
Rathinapuri, Coimbatore
Corniche Inn Resort, Anaikatti,





# കാരുണ്യത്തിന്റെ ആഴക്കടൽ

കുരിശിൽ വേദനയുടെ പാരമ്യത്തിൽ പിടഞ്ഞു മരിച്ചവന്റെ ഹൃദയത്തിലേയ്ക്ക് ക്രോധത്തോടെ കുന്തം കുത്തിയിറക്കിയപ്പോൾ, അവനിലേയ്ക്ക് പോലും സൗഖ്യത്തിന്റെ ജലവും രക്തവും ഒഴുക്കി കാരുണ്യവും സ്നേഹവും പങ്കുവച്ച ഹൃദയമാണ് ഈശോയുടെ തിരുഹൃദയം. നൊമ്പരപ്പെടുന്നവനും സൗഹൃദങ്ങളില്ലാത്തവനും പാപത്താലും നൈരാശ്യത്താലും തകർന്നവനും പരീക്ഷകളിൽ ആടിയുലയുന്നവനും അഭയം കണ്ടെത്താവുന്ന ശക്തികേന്ദ്രം.

ഒരിക്കൽ ഭർത്താവ് നഷ്ടപ്പെട്ട ഒരു സ്ത്രീ തന്റെ ഏക മകനെവളർത്തി വലുതാക്കാനുള്ള പരിശ്രമത്തിൽ രാവും പകലും കഠിനാദ്ധ്വാനം ചെയ്ത് രോഗിയായി തീർന്നു. പഠനം പൂർത്തിയാക്കി ഉന്നതമായ ജോലി നേടിയെടുത്ത മകൻ തന്റെ സ്നേഹിതയായ പെൺകുട്ടിയുടെ അടുത്തെത്തി പറഞ്ഞു, നീ എന്റെ വീട്ടിലേയ്ക്ക് വരണം നമുക്ക് വിവാഹം കഴിച്ച് ഒരുമിച്ച് ജീവിക്കാം. അവൾ പറഞ്ഞു അമ്മയുള്ളിടത്തോളം കാലം ഞാൻ ആ വീട്ടിലേയ്ക്ക് വരില്ല. നിങ്ങൾ അമ്മയുടെ ഹൃദയം എനിക്ക് കൊണ്ടുവന്നുതന്നാൽ ഞാൻ നിങ്ങളോടൊപ്പം വരാം. കണ്ണുകളെ അന്ധമാക്കുന്ന പ്രേമത്തിന് മുമ്പിൽ അവൻ മറ്റൊന്നും ചിന്തിച്ചില്ല. വീട്ടിലേയ്ക്ക് ചെന്നു. കഠാര അമ്മയുടെ ശരീരത്തിൽ



കുത്തിയിറക്കി ഹൃദയം തുരന്നെടുത്തു. പിടയുന്ന ഹൃദയവും കൈകളിലെ ടുത്ത് അവൻ തന്റെ സ്നേഹഭാജനത്തിന്റെ അടുത്തേയ്ക്ക് ഓടുകയാണ്. പെട്ടെന്ന് കാൽ കല്ലിൽ തട്ടി അവൻ നിലത്തേയ്ക്ക് കമിഴ്ന്നടിച്ച് വീണു. കരങ്ങളിൽ നിന്ന് ഹൃദയം നിലത്തേയ്ക്ക് വീണു. അവൻ വീണിടത്ത്  നിന്ന് എഴുന്നേറ്റ് അമ്മയുടെ ഹൃദയമെടുക്കാനായി അടുത്തേയ്ക്ക് ചെന്നു. അപ്പോൾ ആ ഹൃദയം അവനോടു ചോദിച്ചു. മോനെനിന്റെ കാലിന് എന്തെങ്കിലും പറ്റിയോ? നിനക്ക് വേദനിക്കുന്നുണ്ടോ?

തന്നെ മുറിപ്പെടുത്തിയവനോടും ദ്രോഹിച്ചവനോടും  കുറ്റപ്പെടുത്തിയവനോടും പരിഹസിച്ചവനോടും വഞ്ചിച്ചവനോടുമെല്ലാം കാരുണ്യം കാണിച്ച ഈശോയുടെ ഹൃദയ ഭാവം സ്വന്തമാക്കാൻ കഴിയുമ്പോഴാണ് നമുക്കും നമ്മെ ദ്രോഹിക്കുന്നവരോട് ക്ഷമിക്കാനും സ്നേഹിക്കാനും സാധിക്കുക. ജീവിതത്തിന്റെ ദുരാശകളും പാപങ്ങളും നമ്മുടെ ഹൃദയത്തെ കഠിനമാക്കാൻ അനുവദിക്കാതെ ദൈവവചനത്താലും വി. കുർബാനയാലും അതിനെനിർമ്മലമാക്കാൻ ശ്രമിക്കാം. " അവർക്ക് ഞാൻ ഒരു പുതിയ ഹൃദയം നല്കും. ഒരു പുതിയചൈതന്യം അവരിൽ ഞാൻ നിക്ഷേപിക്കും. അവരുടെ ശരീരത്തിൽ നിന്ന്ശിലാ ഹൃദയം എടുത്ത് മാറ്റി ഒരു മാംസളഹൃദയം ഞാൻ കൊടുക്കും (എസെ 11:19) എന്ന വചനത്തിന്റെ അഭിഷേക കൃപയ്ക്കായി ഈ ജൂൺ മാസം മുഴുവൻ ആഗ്രഹിക്കാം. പ്രാർത്ഥിക്കാം.

**സി. തെരേസ് ജോൺ എഫ്.സി.സി**



# വത്തിക്കാൻ വാർത്തകൾ

* **മോൺ: ഡെറക് ഫെർണാണ്ടസ് ബെൽഗാം രൂപതാ മെത്രാൻ**

ഉത്തരകന്നഡയിലെ കാർവാർ രൂപതയുടെ മെത്രാനായിരുന്ന മോൺ: ഡെറക് ഫെർണാണ്ടസിനെബെൽഗാം രൂപതയുടെ മെത്രാനായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പ നിയമിച്ചു. ഗോവ അതിരൂപതയുടെ വിഭജനത്തിൽ 1963 ൽ സ്ഥാപിതമായ ബെൽഗാം രൂപത കർണ്ണാടക-മഹാരാഷ്ട്ര സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടക്കുന്നു.

* **സഭയുടെ നവീകരണം ആരംഭിക്കേണ്ടത് എളിമയിലൂടെ എന്ന് പാപ്പാ.**

സഭയുടെ നവീകരണം ആരംഭിക്കേണ്ടത് എളിമയിലാണ്. എളിമ ജന്മം കൊള്ളുന്നത് അപമാനിക്കപ്പെടുമ്പോഴാണ്. അങ്ങനെനമുക്ക് മഹത്വത്തിലേയ്ക്ക് പ്രവേശിക്കാൻ കഴിയും. നഷ്ടപ്പെട്ടുപോയ കുഞ്ഞാടിനെവ്യക്തിപരമായി അന്വേഷിച്ചിറങ്ങിയ ക്രിസ്തുവിനെപ്പോലെ ഓരോരുത്തരും വ്യക്തിപരമായി ശ്രദ്ധിക്കുവാൻ തയ്യാറാകണമെന്ന് മെയ് 9-ാം തിയതി നടന്ന റോമാ രൂപതയുടെ സമ്മേളനത്തിൽ പാപ്പ ഓർമ്മിപ്പിച്ചു.

* **സന്യാസിനി സഭകളുടെ സുപ്പീരിയർ ജനറൽമാരുടെ 21-ാം അന്തർദ്ദേശീയ സമ്മേളനത്തിൽ പങ്കെടുത്ത് പാപ്പ.**

'സർവ്വസൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ' എന്ന തിരുവചനം ഉദ്ധരിച്ചുകൊണ്ട് സന്തോഷത്തിന്റെ ഉറവിടമായ ക്രിസ്തുവിനെപ്രഘോഷിക്കണമെന്നും ഉത്ഥിതനായ ക്രിസ്തു സ്നേഹിക്കുന്ന എല്ലാവരേയും നയിക്കണമെന്നും പാപ്പാ ആഹ്വാനം ചെയ്തു. അനേകം ജനങ്ങൾ സമർപ്പിതരുടെ സഹായവും സൗഹൃദം നിറഞ്ഞ പുഞ്ചിരിയും ആവശ്യപ്പെടുകയും കാത്തിരിക്കുകയും ചെയ്യുന്നുവെന്ന് പാപ്പ ഓർമ്മപ്പെടുത്തി.

* **പേപ്പൽ ഫൗണ്ടേഷൻ അംഗങ്ങളുമായി പാപ്പ കൂടിക്കാഴ്ച നടത്തി**

പേപ്പൽ ഫൗണ്ടേഷൻ സ്ഥാപിച്ചതുമുതൽ ഈ വർഷം വരെ സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും അരൂപിയെ പരിപോഷിപ്പിക്കുന്നതിൽ ഫൗണ്ടേഷൻ നടത്തുന്ന സംഭാവനയെ പാപ്പ അഭിനന്ദിച്ചു. വിദ്യാഭ്യാസം, ഉപവിപ്രവർത്തനങ്ങൾക്കു നല്കുന്ന സഹായം എന്നിവയിലൂടെ അത്മായരും സമർപ്പിതരും വൈദികരും പ്രോത്സാഹിപ്പിക്കപ്പെടുന്നുവെന്നും പാപ്പ വെളിപ്പെടുത്തി.



# ലോഗോസ് ക്വിസ്

**വി. മത്തായി അദ്ധ്യായങ്ങൾ 23 – 24**

1. നിയമജ്ഞരും ഫരിസേയരും ആരുടെ സിംഹാസനത്തിലാണ് ഇരിക്കുന്നത്?

അ. മോശയുടെ (23.2)

2. നിയമജ്ഞരും ഫരിസേയരും ആഗ്രഹിക്കുന്ന സംബോധനഎന്താണ്?

അ. റബ്ബീ (23.8)

3. യേശുവിന്റെ വചനമനുസരിച്ച് ബലി പീഠമാണോ ബലിപീഠത്തിലെ കാഴ്ചവസ്തുവാണോ വലുത്?

അ. ബലിപീഠം (23.19)

4. വി. മത്തായിയുടെ സുവിശേഷത്തിൽ സിനഗോഗിനെകുറിച്ച് അവസാനമായി പ്രതിപാദിക്കുന്നതെവിടെ?

അ. അദ്ധ്യായം 23 വാക്യം 34

5. ഒരു സ്ഥലനാമം ഒരു ജനതയെ സൂചിപ്പിക്കാനായി 23-ാം അദ്ധ്യായത്തിൽ ഉപയോഗിക്കുന്നുണ്ട്. സ്ഥലമേത്?

അ. ജറുസലേം

6. അവസാനക്കാലത്ത് വിശ്വാസം ഉപേക്ഷിക്കുന്നവർ എന്തുചെയ്യും?

അ. പരസ്പരം ഒറ്റിക്കൊടുക്കുകയും ദ്വേഷിക്കുകയും ചെയ്യും (24.10)

7. "രാജ്യത്തിന്റെ സുവിശേഷം" എന്ന പ്രയോഗം വി. മത്തായിയുടെ സുവിശേഷത്തിൽ ഏറ്റവും അവസാനം രേഖപ്പെടുത്തിയത് ഏതദ്ധ്യായത്തിലും വാക്യത്തിലുമാണ്?

അ. 24.14

8. അവസാനനാളുകളിൽ ആകാശത്തിൽ ആരുടെ അടയാളമാണ് പ്രത്യക്ഷപ്പെടുന്നത്?

അ. മനുഷ്യപുത്രന്റെ (24.30)



9. മനുഷ്യപുത്രന്റെ രണ്ടാമത്തെ ആഗമനം ഏതുമണിക്കൂറിലായിരിക്കും എന്നാണ് യേശു പറയുന്നത്?

അ. പ്രതീക്ഷിക്കാത്ത മണിക്കൂറിലായിരിക്കും (24.44)

10. ദുഷ്ടനായ ഭൃത്യനെശിക്ഷിക്കാൻ യജമാനൻ വരുന്നത് എപ്പോഴാണ്?

അ. പ്രതീക്ഷിക്കാത്ത ദിവസത്തിലും അറിയാത്ത മണിക്കൂറിലും (24.51)

നിയമാവർത്തനം 15 അദ്ധ്യായം

1. ഓരോ ഏഴുവർഷം തികയുമ്പോഴും................നൽകണം?

അ. ഋണ മോചനം (15:1)

2. നിങ്ങളുടെ ദൈവമായ കർത്താവു നിങ്ങൾക്കു നൽകുന്ന ദേശത്തെ പട്ടണത്തിൽ ഏതെങ്കിലും സഹോദരൻ ദരിദ്രനായിട്ടുണ്ടെങ്കിൽ നീ എന്തെല്ലാം ചെയ്യണം?

അ. നിന്റെ ഹൃദയം കഠിനമാക്കുകയോ, അവനു സഹായം നിരസിക്കുകയോ അരുത്. ആവശ്യമുള്ളത് ഉദാരമായി വായ്പ കൊടുക്കണം(15:7,8)

3. അടിമക്ക് സ്വാതന്ത്ര്യം നൽകി അയക്കുമ്പോൾ അവന് എന്തെല്ലാം ഉദാരമായി നൽകണം?

അ. നിന്റെ ആട്ടിൻ പറ്റത്തിൽ നിന്നും മെതിക്കളത്തിൽ നിന്നും മുന്തിരി ചക്കിൽ നിന്നും ഉദാരമായി നൽകണം. (15.14)

4. അടിമ പിരിഞ്ഞുപോകാതെ നിന്നോടു കൂടെ താമസിക്കാൻ ഇഷ്ടപെടുകയും ചെയ്താൽ നീ അവനെഎന്തു ചെയ്യണം?

അ. അവനെഭവനവാതിൽക്കൽ കൊണ്ടുവന്ന് ഒരു തോൽസൂചികൊണ്ട് നീ അവന്റെ കാതു തുളയ്ക്കണം. (15:17)

5. നിന്റെ ആടുമാടുകളിൽ എന്തിനെയെല്ലാംകർത്താവിനു സമർപ്പിക്കണം.

അ. ആൺകടിഞ്ഞൂലുകളെയെല്ലാം (15:19)

പ്രഭാഷകൻ 14



1. അവനു പാപത്തെപ്രതി ദുഃഖിക്കേണ്ടിവരുകയില്ല. ആർക്ക്?

അ. വാക്കിൽ പിഴയ്ക്കാത്തവന് (14:1)

2. ലുബ്ധന്റെ കണ്ണ് എന്തിനെവെറുക്കുന്നു?

അ. അപ്പത്തെ (14:10)

3. മനുഷ്യന്റെ തലമുറയെ പ്രഭാഷകൻ എന്തിനോട് താരതമ്യപ്പെടുത്തിയിരിക്കുന്നു?

അ. തഴച്ചുവളരുന്ന വൃക്ഷത്തിൽ കൊഴിയുകയും വീണ്ടും തളിർക്കുകയും ചെയ്യുന്ന ഇലകളോട് (14:18)

4. എന്തിൽ മനസ്സുറപ്പിച്ചു ബുദ്ധിപൂർവ്വം ചിന്തിക്കുന്നവനാണ് അനുഗ്രഹീതൻ?

അ. ജ്ഞാനത്തിൽ 14:20)

5. അത്യാഗ്രഹിയുടെ കണ്ണ് എന്ത് ചെയ്യുന്നില്ല?

അ. തന്റെ ഓഹരി കൊണ്ട് തൃപ്തിപ്പെടുന്നില്ല (14:9)

വെളിപാട് 19

1. ഇരുപത്തിനാലു ശ്രേഷ്ഠൻമാരും നാലുജീവികളും ഹല്ലേല്ലൂയ പറഞ്ഞ് എങ്ങനെയാണ് സിംഹാസനസ്ഥനായ ദൈവത്തെ ആരാധിച്ചത്?

അ. സാഷ്ടാംഗം പ്രണമിച്ച് (19:4)

2. നമുക്ക് ആനന്ദിക്കാം, ആഹ്ലാദിച്ച് ആർപ്പുവിളിക്കാം, അവിടുത്തേക്ക് മഹത്വം നൽകാം" എന്തുകൊണ്ട്?

അ. കുഞ്ഞാടിന്റെ വിവാഹം സമീപിച്ചിരിക്കുന്നു.

അവിടുത്തെ മണവാട്ടി അണിഞ്ഞൊരുങ്ങി കഴിഞ്ഞു. (19.7)

3. ശോഭയേറിയതുംന ിർമലവുമായമ ൃദുലവസ്ത്രംധ രിക്കാനുള്ളഅ നുഗ്രഹം അവൾക്കു നൽകപ്പെട്ടിരിക്കുന്നു. എന്താണ് ആ വസ്ത്രം?

അ. വിശുദ്ധരുടെ സത്പ്രവൃത്തികൾ (19:8)

4. വെള്ളകുതിരയുടെ പുറത്തിരിക്കുന്നവനെആരെന്നാണ് വിളിക്കപ്പെടുന്നത്?


അ. വിശ്വസ്തനെന്നും, സത്യവാനെന്നും (19.11)

5. അവനു മേലങ്കിയിലും തുടയിലും എഴുതപ്പെട്ടനാമം എന്താണ്?

അ. രാജാക്കൻമാരുടെ രാജാവും നാഥന്മാരുടെ നാഥനും (19:16)

# Kids Corner

## Crossword - Prodigal Son




**Across**

1. Whose food did the son end up eating when he had nothing left.
4. The son was ____ because wasn't living the way he should've been.
7. The son spent all of his ____.
9. The father was quick to do this when his son returned.

**Down**

1. This word means to spend money on things you don't need, to be wasteful.
2. His son was lost but now he is ____.
3. The son decided to go____ and work for his father when he had nothing left.
5. As soon as his son returned, the father wanted to ____ his return.
6. This person in the story was just like how God would treat us if we repented.
8. The son decided he would go home and become one of his father's ____ men.

(Only catechism students are eligible to participate in the contest.
Fill in the answers and submit it before 15th of the month, in the box kept in the church.
Ten correct entries will be selected by lot and published in the next issue.)

Name: __________________ Class: __

Winners of May month contest

AntoYashwant - Std 8th ; Ancita - Std 8th ; Riya John - Std 5th ; Baisel James - Std 5th.



# Marian Knowledge

Marian Knowledge

1. When and where is the apparition of Our Lady of La-Salette recorded?

France, September 19th1846

2. In 40AD, what did Mother Mary hand over to St James, who was disheartened at the failure of his mission in preaching the gospel at Spain?

Small wooden statue of herself and a column of Jasper

3. Name the person who is said to hadpossessedin his cloak an image of the Virgin Mary by a miracle as a pledge of the authenticity of the apparitions.

Juan Diego. (Our Lady of Guadalupe apparition)

4. In which place is theBasilica of Our Lady of Guadalupe situated?

Mexico

5. When was the apparition of mother Mary in kuruvilangad church in Kerala recorded?

AD 335

6. When is the feast of Our Lady of Perpetual help celebrated?

June 27th

7. When and by whom was the feast of holy rosary established?

St Pius V on October7, 1571

8. When and to whom did mother Marygave the green scapular which is also known as the badge of the immaculate heart?

1840 toSr Justine Bisqueyburu.

9. Who is the founder of the worldwide organization named The crusade of Mary Immaculate?

Friar MaximilanKolbe 16th October 1917

10. To whom did VirginMary appear holding the Scapular in her hand saying, 'This is for you and yours a privilege; the one who dies in it will be saved.

St. Simon Stock

# JUNE 2019



| Sunday | Monday | Tuesday | Wednesday | Thursday | Friday | Saturday |
|---|---|---|---|---|---|---|
| **30**<br>Deut 1:16-18<br>Is 1:10-20<br>1Cor 9:19-27<br>Lk 6:27-36 | | | | | | **1**<br>1Cor 1:18-25<br>Lk 12:2-8 |
| **2**<br>Is 6:1-13<br>Acts 1:15-26<br>Phil 2:1-11<br>Mk 16:14-20 | **3**<br>2Thess 2:13-17<br>Jn 4:3-15 | **4**<br>1Cor 8:8-13<br>Lk 12:13-21 | **5**<br>1Jn 4:12-21<br>Jn 17:1-5 | **6**<br>1Jn 1:1-13<br>Lk 14:25-35 | **7**<br>1Jn 2:22-25<br>Mt 24:7-24 | **8**<br>Gal 2:19-21<br>Mt 25:31-40 |
| **9**<br>Ex 19:1-9<br>Acts 2:1-3<br>1Cor 12:1-11<br>Jn 16:1-15 | **10**<br>1Cor14:26-33<br>Mt11:25-30 | **11**<br>Gal 2:1-10<br>Mt 10:16-22 | **12**<br>1Cor 11:31-34a<br>Mt 13:31-35 | **13**<br>1Cor 2:1-10<br>Lk 10:1-9 | **14**<br>1Cor 12:31-13:13<br>Lk 7:11-23 | **15**<br>1Cor 12:12-20<br>Jn 6:25-29 |
| **16**<br>Joel 2:18-26<br>Acts 4:8-22<br>1Cor 6:1-11<br>Lk 7:36-50 | **17**<br>Phil 3:16-21<br>Jn 11:17-27 | **18**<br>1Cor 9:1-12<br>Jn 6:64-71 | **19**<br>1Cor 6:12-20<br>Jn 6:37-44 | **20**<br>1Cor 11:23-30<br>Jn 6:51-59 | **21**<br>1Cor 3:18-23<br>Jn 6:45-50 | **22**<br>1Cor 10:14-22<br>Jn 6:1-15 |
| **23**<br>Duet 1:5-8<br>Is 1:1-9<br>1Cor 7:1-7<br>Lk 10:25-37 | **24**<br>1Cor 12:18-27<br>Jn 6:30-36 | **25**<br>1Cor 4:15-21<br>Mt 18:6-9 | **26**<br>Phil 2:12-16<br>Jn 4:39-42 | **27**<br>1Cor 3:1-9<br>Lk 8:4-15 | **28**<br>Rom 10:1-10<br>Jn 19:30-37 | **29**<br>2Cor 11:21b-23<br>Jn 21:15-19 |



JOSE V.T

MANNA

Catering

SERVICE

VEG & NON VEG

* PHOTOGRAPHY
* VIDEOGRAPHY
* LIGHTING
* STAGE BACKDROP
* SOUND SYSTEM



93632 49570

KUNIAMUTHUR,
COIMBATORE - 641 008



A.G. VARGHESE

Phone : 0422-5514235
Mobile : 98422 18161

ATHANIKKAL ENGINEERING

Manufactures of : M.V. Panel Boards, Changeovar Panel Boards
Sub Switch Boards, Motor Control Centres, Bus Ducts,
Generator Centrol Panel Boards, All Taxtile Control Panel Boards,
AMF Control Panels

No. 13, Industrial Estate (Near Gem), Ganapathy, Coimbatore - 641 006.

# Divine
## Digital Diagnostics

(Centre for Accurate Clinical & Medical Investigations)

ISO 9001: 2015 Certified & AERB Govt. of India Approved Unit

டிவைன் இரத்தப் பரிசோதனை நிலையம்

☎ 0422-2523645
94439 13645
94893 63377



DIGITAL X-RAY, LAB & ECG

WORKING HOURS: 7-AM TO 9-PM
SUNDAY 7-AM TO 1-PM

**MASTER HEALTH CHECKUP 50% OFF**

* HAEMATOLOGY * SEROLOGY * BIO CHEMISTRY * HORMONES * CLINICAL PATHOLOGY
*IMMUNOLOGY * ECG * MICROBIOLOGY * DIGITAL X-RAY (500MA) *MASTER HEALTH CHECKUP

Head office : 343, 3rd Street Exten., Gandhipuram Coimbatore-641012
Branch Office : 84, Amara Jeevanantham Road, Rathinapuri Coimbatore-641027
divinediagnoscbe@gmail.com

P.J. VARGHESE (JOBI)

✆ : 0422-2494007
98432 96007

# JOSE AUTOMOBILES

MULTIBRAND FOUR WHEELER SERVICE

MECHANICAL, TINKERING, PAINTING, ELECTRICAL, UPHOLSTRY, ACCESSORIES
A/C, WATER SERVICE, INTERIOR CLEANING, INTERIOR ENRICHMENT

# JB CABS

*Tours & Travel Operator*

*A/c Cars & Vans Available for Rent*
*Innova, Etios, Swift, Tempo Traveller, Swaraj Mazda*

205-A, 11th STREET, GANDHIPURAM, COIMBATORE - 12